# പതിമൂന്നാം കേരള നിയമസഭ
# പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം 567** **09.02.2016- ൽ മറുപടിക്ക്**

## കോട്ടയം ടെക്സ്റ്റയിൽസ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.മോൻസ് ജോസഫ് | ശ്രീ.പി.കെ കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി) |
| (എ) കോട്ടയം ടെക്സ്റ്റയിൽസിലെ നിലവിലുള്ള മെഷീനുകൾ മെയിന്റനൻസ് ചെയ്യുകയും ആധുനികവൽക്കരണം നടപ്പിലാക്കുകയും ചെയ്യണമെന്ന ആവശ്യത്തെക്കുറിച്ച് നിലപാട് വ്യക്തമാക്കാമോ; | (എ) കോട്ടയം ടെക്സ്റ്റയിൽസിൽ ആധുനികവൽക്കരണം നടപ്പാക്കണമെന്നാണ് സർക്കാർ നിലപാട്. |
| (ബി) കോട്ടൺ നൂൽ പൂർണ്ണതോതിൽ ഉൽപ്പാദിപ്പിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ;ആയതിന് ആവശ്യമായ പരുത്തി തുടർച്ചയായി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) പ്രവർത്തനമൂലധനത്തിന്റെ കുറവു മൂലവും കോട്ടൺ സപ്ലൈയർമാർക്ക് പരുത്തി വാങ്ങിയ ഇനത്തിൽ കുടിശ്ശിക കൊടുത്തു തീർക്കുവാനുള്ളതിനാലും കോട്ടൺ നൂൽ പൂർണ്ണതോതിൽ ഉൽപാദിപ്പിക്കുന്നതിനാവശ്യമായ പരുത്തി ലഭ്യമാകാത്ത അവസ്ഥ സംജാതമായിട്ടുണ്ട്. |
| (സി) കോ-ഓപ്പറേറ്റീവ് ബാങ്കിൽ എത്ര രൂപയുടെ ബാദ്ധ്യതയാണ് കോട്ടയം ടെക്സ്റ്റൈൽസിന് ഉള്ളത്; ഇത് സ്ഥിരമായി അടച്ചു തീർക്കുന്നുണ്ടോ;എത്ര തവണ മുടക്കം വരുത്തിയെന്ന് അറിയിക്കാമോ; | (സി) കോട്ടയം ടെക്സ്റ്റയിൽസിന് കോ-ഓപ്പറേറ്റീവ് ബാങ്കുമായി നേരിട്ട് ബാധ്യതയൊന്നുമില്ല. കോട്ടയം ടെക്സ്റ്റയിൽസിലെ ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും 2015 ജനുവരി മുതൽ ഏപ്രിൽ വരെയും, ഒക്ടോബർ മുതൽ ഡിസംബർ വരെയും പിടിച്ച തുകയായ 17.10 ലക്ഷം രൂപ, കോട്ടയം ടെക്സ്റ്റയിൽസ് എംപ്ലോയീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് കൊടുത്തു തീർക്കുവാനുണ്ട്. 2015 മെയ് മുതൽ ജൂലൈ വരെയുള്ള വിഹിതമായ 2.85 ലക്ഷം രൂപ 13.11.2015 ലും ആഗസ്റ്റ് മാസത്തെ വിഹിതമായ 1.25 ലക്ഷം രൂപ 14.10.2015 നും നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | ഇ.എസ്.ഐ. പരിധി കഴിഞ്ഞ തൊഴിലാളികളുടെ കുടുംബത്തിന് പകരം ഇൻഷ്വറൻസ് സംവിധാനം ഏർപ്പെടുത്തുമോ? | (ഡി) | കോട്ടയം ടെക്സ്റ്റയിൽസ് ഇ.എസ്.ഐ പരിധി കഴിഞ്ഞ തൊഴിലാളികൾക്ക്, 1923 ലെ വർക്ക്മെൻസ് കോമ്പൻസേഷൻ നിയമം പ്രകാരം ലഭിക്കേണ്ടുന്ന ആനുകൂല്യങ്ങൾക്കായി വർക്ക്മെൻസ് കോമ്പൻസേഷൻ പോളിസി ഇൻഷ്വറൻസ് എടുത്തിട്ടുണ്ട്. തൊഴിലാളികളുടെ കുടുംബത്തിന് ഇൻഷ്വറൻസ് സംവിധാനം ഏർപ്പെടുത്തിയിട്ടില്ല. |

**സെക്ഷൻ ഓഫീസർ**